LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പരസ്യങ്ങൾ

109 (1545) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ ഇതുവരെയായി പരസ്യയിനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് എത്ര തുകയുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് പരസ്യങ്ങൾ നൽകിയിട്ടുള്ളതെന്നും ഓരോ സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള പരസ്യങ്ങളുടെ തുകയും വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15 വർഷത്തിൽ ഇതുവരെയായി പരസ്യയിനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഏകദേശം 12,56,07,108 (പന്ത്രണ്ട് കോടി അമ്പത്തിയാറ് ലക്ഷത്തി ഏഴായിരത്തി ഒരുനൂറ്റി എട്ട്) രൂപയുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ട്.

(ബി) മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപത്രങ്ങൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്കും കൂടാതെ ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷാവസരങ്ങളിൽ പ്രത്യേക നിരക്കിൽ മറ്റ് പ്രസിദ്ധീകരണങ്ങൾക്കും പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ട്. ദിനപത്രങ്ങൾക്ക് 11,95,35,788 (പതിനൊന്നു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എഴുനൂറ്റി എൺപത്തിയെട്ട്) രൂപയുടെ പരസ്യങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് 23,71,320 (ഇരുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി മൂന്നൂറ്റി ഇരുപത്) രൂപയുടെ പരസ്യങ്ങളും ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്ക് 37,00,000 (മുപ്പത്തിയേഴ് ലക്ഷം) രൂപയുടെ പരസ്യങ്ങളും പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ട്.

പ്രാദേശിക പത്ര പ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തൽ

110 (1546) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാദേശിക പത്രപ്രവർത്തകർക്ക് വേണ്ടിയുള്ള ക്ഷേമനിധി എന്നത്തേക്ക് പ്രാബല്യത്തിൽ വരും ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) സമയബന്ധിതമായി ഈ ക്ഷേമനിധി പ്രാവർത്തികമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?